**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 636** 03.03.2020 -ൽ മറുപടിയ്ക്ക്

**പാപനാശം ടൂറിസം മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം**

| | ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | ഓരോ വർഷവും വർക്കലയിലെത്തുന്ന വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുന്നു എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | എ) | വിനോദസഞ്ചാരകേന്ദ്രം തിരിച്ചുള്ള സ്ഥിതിവിവര കണക്കുകൾ 2018 വർഷം വരെ ആണ് അന്തിമമാക്കിയിട്ടുള്ളത്. ടി വിവരപ്രകാരം കഴിഞ്ഞ അഞ്ച് വർഷത്തെ പ്രസ്തുത കണക്കുകൾ വിശകലനം ചെയ്യുമ്പോൾ വർക്കലയിൽ എത്തുന്ന ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2015,2016 വർഷങ്ങളിലും വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2015, 2018 വർഷങ്ങളിലും കുറവും ബാക്കി വർഷങ്ങളിൽ വർദ്ധനവും ആണ് ഉണ്ടായിട്ടുള്ളത്. |
| ബി) | പാപനാശം ടൂറിസം മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ടൂറിസം വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) & സി) | വർക്കല ടൂറിസം മേഖലയിൽ നിലവിൽ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് മുഖേന വകുപ്പ് നടപ്പിലാക്കിയ 77 ലക്ഷം രൂപയുടെ റോഡ് സൗന്ദര്യവത്ക്കരണ പദ്ധതി പൂർത്തിയായിട്ടുണ്ട്. പാപനാശം ഉൾപ്പെടുന്ന ബീച്ച് മേഖലയിലെ അടിസ്ഥാന വികസന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായുള്ള സമഗ്ര പദ്ധതി രൂപരേഖക്ക് 9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതികൾ കുറ്റമറ്റ രീതിയിൽ സമയബന്ധിത മായി തന്നെ പൂർത്തീകരിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| സി) | പ്രസ്തുത മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ കുറ്റമറ്റ രീതിയിൽ സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ